## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 5654** — **27.10.2011 ലെ മറുപടിക്ക്**

### പരശുവയ്ക്കൽ സർവ്വീസ് സഹകരണ സംഘം

**ശ്രീ. എ.റ്റി. ജോർജ്**

**ശ്രീ. സി.എൻ. ബാലകൃഷ്ണൻ**
**(സഹകരണ വകുപ്പ് മന്ത്രി)**

എ) തിരുവനന്തപുരം ജില്ലയിലെ പരശുവയ്ക്കൽ സർവ്വീസ് സഹകരണ സംഘം ക്ലിപ്തം 663, സഹകരണ നിയമം വകുപ്പ് 16 ലംഘിച്ചുകൊണ്ട് ആർക്കെങ്കിലും മെമ്പർഷിപ്പും ലോണും നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെല്ലാം ആണ് എന്നതിന്റെ പേരുവിവരം ലഭ്യമാക്കാമോ;

ബി) സ്ഥിരതാമസം തെളിയിക്കുന്ന ആധികാരിക രേഖകളായ വോട്ടേഴ്സ് തിരിച്ചറിയൽ കാർഡിന്റെയോ റേഷൻ കാർഡിന്റെയോ വോട്ടർ പട്ടികയുടെയോ പാസ് പോർട്ടിന്റെയോ, പകർപ്പ് ഹാജരാക്കാതെ ആർക്കെങ്കിലും മെമ്പർഷിപ്പോ, ലോണോ നൽകിയിട്ടുണ്ടെങ്കിൽ സഹകരണ നിയമത്തിലെ ഏത് വകുപ്പ് പ്രകാരമാണ് നൽകിയത് എന്ന് വ്യക്തമാക്കാമോ ;

എ)യും ബി)യും പരശുവയ്ക്കൽ സർവ്വീസ് സഹകരണ സംഘം ക്ലിപ്തം 663, സഹകരണ നിയമം വകുപ്പ് 16 ലംഘിച്ചുകൊണ്ട് ശ്രീമതി. ദീപ. എൻ.എസ് (അംഗ നമ്പർ 6392, വായ്പാ നമ്പർ 3011), ശ്രീ. രമേഷ് കുമാർ (അംഗ നമ്പർ 6391, വായ്പാ നമ്പർ 3010), എന്നിവർക്ക് അംഗത്വവും വായ്പയും നൽകിയിട്ടുണ്ട്.

ശ്രീമതി. ദീപ. എൻ.എസ്, ശ്രീ. രമേഷ് കുമാർ എന്നിവർക്ക് സ്ഥിരതാമസം തെളിയിക്കുന്ന ആധികാരിക രേഖകൾ അപേക്ഷയോടൊപ്പം ഹാജരാക്കാതെ അംഗത്വവും ലോണും നൽകിയിട്ടുണ്ട്.

സി) പ്രസ്തുത സംഘത്തിലെ നിലവിലെ ഭരണസമിതി അംഗങ്ങളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും പേരിൽ എടുത്തിട്ടുള്ള ലോണുകളുടെയും, ഇതിൽ പുതുക്കാതെയും തിരിച്ചടയ്ക്കാതെയും കുടിശ്ശിക വരുത്തിയ അംഗങ്ങളുടെയും പേരുവിവരം ലഭ്യമാക്കാമോ;

സി) 9 അംഗ ഭരണസമിതിയിൽ താഴെ പറയുന്ന 2 അംഗങ്ങൾ സ്വന്തം പേരിലും 4 അംഗങ്ങൾ അവരുടെ ഭാര്യയുടെ പേരിലും വായ്പയെടുത്തിട്ടുണ്ട്. ആയത് താഴെ ചേർക്കുന്നു.

***(i) അംഗങ്ങൾ സ്വന്തം പേരിൽ എടുത്തിട്ടുള്ള വായ്പയുടെ വിശദ വിവരം:***

**എ) കെ. സുനിൽ കുമാർ (ഭരണ സമിതി അംഗം)**

28.03.2007-ൽ കാർഷിക വായ്പയായി 50,000/- രൂപ എടുത്തു കേരള കടാശ്വാസ കമ്മീഷന്റെ 29.01.2011-ലെ 391212/09/റ്റി.വി. നമ്പർ ഉത്തരവ് പ്രകാരം 20,000/- രൂപ കമ്മീഷൻ ഏറ്റെടുത്തു. ബാക്കിയുള്ള 30,000/- രൂപ വായ്പക്കാരൻ അടച്ചു. കടാശ്വാസ കമ്മീഷൻ ഏറ്റെടുത്ത തുക ബാങ്കിന് ലഭിക്കാത്തതിനാൽ വായ്പ കണക്ക് അവസാനിപ്പിച്ചിട്ടില്ല. ഈ വായ്പയിൽ തിരിച്ചടവ് ഉണ്ട്. കുടിശ്ശിക ഇല്ല.

**ബി) രാധാകൃഷ്ണൻ (ഭരണ സമിതി അംഗം)**

17.10.2011-ൽ 30,000/- രൂപ വായ്പയെടുത്തു കുടിശ്ശികയായിട്ടില്ല.

***(ii) ഭരണസമിതിയംഗങ്ങളുടെ ഭാര്യമാർ എടുത്തിട്ടുള്ള വായ്പയുടെ വിശദവിവരം:***

**എ) ശ്രീമതി. സതികുമാരി (ഭരണ സമിതിയംഗം ശ്രീ. കെ. മധുവിന്റെ ഭാര്യ)**

ടിയാൾ 2 വായ്പയെടുത്തിട്ടുണ്ട്. 14.09.2009-ൽ 2917-ാം നമ്പർ കാർഷിക വായ്പയായി 2,00,000/- രൂപ എടുത്തതിൽ നാളിതുവരെ തിരിച്ചടവില്ല. കുടിശ്ശികയാണ്. 11.05.2011-ൽ എടുത്ത 2,00,000/- രൂപയിൽ 28.06.2011-ൽ 1,46,241 /- രൂപ തിരിച്ചടച്ചു. കുടിശ്ശികയായിട്ടില്ല.

**ബി) ശ്രീമതി. രാജേശ്വരി (ബാങ്ക് പ്രസിഡന്റ് ശ്രീ. അഡ്വ. അജയകുമാറിന്റെ ഭാര്യ)**

11.04.2011-ൽ 14 % പലിശ നിരക്കിൽ ഓൺ ഫണ്ട് വായ്പയായി 3001 നമ്പർ ലോണായി 2,00,000/- രൂപ എടുത്തു. തിരിച്ചടവില്ല.

**സി) ശ്രീമതി. മിനി (ഭരണ സമിതിയംഗം ശ്രീ. വിജയകുമാറിന്റെ ഭാര്യ)**

27.01.2009-ൽ 585-ാം നമ്പർ വായ്പയായി 25,000/- രൂപ എടുത്തു. നാളിതുവരെ തിരിച്ചടവില്ല. കുടിശ്ശികയായിട്ടുണ്ട്.

**ഡി) ശ്രീമതി. ബിന്ദു (ഭരണ സമിതിയംഗം ശ്രീ. ജയകുമാറിന്റെ ഭാര്യ)**

ടിയാൾ 2 വായ്പയെടുത്തിട്ടുണ്ട്. 26.10.2007-ൽ 25,000/- രൂപ എടുത്തിട്ടുണ്ട്. നാളിതുവരെ തിരിച്ചടവില്ല. കുടിശ്ശികയായിട്ടുണ്ട്. കൂടാതെ വായ്പ നമ്പർ 1548/05-06 നമ്പർ ആയി 50,000/- രൂപ വായ്പയെടുത്തിട്ടുണ്ട്. 31.03.2010-ൽ 49,990/- രൂപ മുതലിനത്തിലും 11,317/- രൂപ പലിശയിനത്തിലും തിരിച്ചടക്കുവാൻ ബാക്കി നിൽപ്പുണ്ട്. ടി വായ്പയും കുടിശ്ശികയാണ്.

ഡി) സഹകരണ നിയമം വകുപ്പ് 16 ലംഘിച്ച് മതിയായ തെളിവുകൾ ഇല്ലാതെ, 1996 മുതൽ മെമ്പർഷിപ്പും ലോണും വ്യാജരേഖകളുടെ അടിസ്ഥാനത്തിൽ സാമ്പത്തിക തട്ടിപ്പും നടത്തിയതിന് പോലീസ് അന്വേഷണത്തിനും, സഹകരണ നിയമം 65,66 പ്രകാരമുള്ള വകുപ്പുതല അന്വേഷണത്തിനും നടപടി സ്വീകരിക്കുമോ?

ഡി) ഇക്കാര്യത്തിൽ നിയമപരമായ നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ